ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. DTETVM/3769/2026-ED1 (ED) തീയതി: 09-11-2026

പരിപത്രം

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ സ്ഥലംമാറ്റം - ജീവനക്കാരെ യഥാസമയം വിടുതൽ ചെയ്യാത്തത് - സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിൽ നിന്നുള്ള വിവിധ തീയതികളിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റ ഉത്തരവുകൾ.

ഈ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിക്കുകയും നിശ്ചിത തീയതിക്കകം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്യുവാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ചില ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ച സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കാതെ പഴയ സ്ഥാപനങ്ങളിൽ തുടരുന്നതായും സ്ഥാപന മേധാവികൾ ഇവരെ വിടുതൽ ചെയ്യാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവതരമായി കാണുന്നു.

ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം സ്ഥലം മാറ്റം ലഭിച്ചിട്ടും സ്ഥാപനങ്ങളിൽ തുടരുന്ന ജീവനക്കാരെ ഈ പരിപത്ര തീയതി പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, വിടുതൽ ഉത്തരവും, യഥാസമയം വിടുതൽ ചെയ്യാത്തതിനുള്ള ജീവനക്കാരുടെ വിശദീകരണവും ആയതിന് സ്ഥാപന മേധാവിയുടെ റിപ്പോർട്ടും ഈ പരിപത്രം തീയതി മുതൽ രണ്ട് ദിവസത്തിനകം edsectiondte@gmail.com എന്ന ഇ-മെയിൽ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 09-11-2026
16:58:44

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1) ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖേന)
2) ഡി.ടി.ഇ ഐ.ടി ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
3) ഇ-ഓഫീസ് കരുതൽ ഫയൽ